കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അന്നമനട ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ (പി4)115/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തൃശ്ശൂർ ജില്ലാ കാര്യാലയം
തൃശ്ശൂർ -680 020
ഫോൺ : 0487 2331249
Email : dotsr.ksad@kerala.gov.in

തീയതി.05.05.2020

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അന്നമനട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അന്നമനട ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ അന്നമനട ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ (പി4)115/2020, തീയതി.05.05.2020

**തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 03.02.2019 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.12.2019 മുതൽ 31.12.2019 വരെ & 03.01.2020 മുതൽ 04.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഷീന.കെ.ടി, ഓഡിറ്റ് ഓഫീസർ<br>വിജയശ്രീ.പി, ഓഡിറ്റ് ഓഫീസർ<br>സിനിലാൽ.എം.ജി, അസി.ഓഡിറ്റ് ഓഫീസർ<br>സുമിത.ടി.എസ്, അസി.ഓഡിറ്റ് ഓഫീസർ<br>ധന്യ ദിലീപ് ,ഓഡിറ്റർ (23.12.2019 മാത്രം ) |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി.ടെസ്സി ടൈറ്റസ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി.അന്നമ്മ സ്റ്റീഫൻ | 01.04.2018 മുതൽ 13.04.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി.ശ്രീലത.കെ.എ (സെക്രട്ടറി ഇൻ-ചാർജ്ജ്) | 14.04.2018 മുതൽ 13.05.2018 വരെ |
| | ശ്രീമതി.അന്നമ്മ സ്റ്റീഫൻ | ~~14.05.2018 മുതൽ 04.08.2018 വരെ~~ |
| | ശ്രീമതി.ശ്രീലത.കെ.എ (സെക്രട്ടറി ഇൻ-ചാർജ്ജ്) | 05.08.2018 മുതൽ 13.08.2018 വരെ |
| | ശ്രീ.അബ്ദുൾഹക്കിം.എ.എ | 14.08.2018 മുതൽ 11.10.2018 FN വരെ |
| | ശ്രീ.പ്രദീപ്.പി.ജി | 11.10.2018 മുതൽ 13.03.2019 വരെ |
| | ശ്രീമതി.ശ്രീലത.കെ.എ (സെക്രട്ടറി ഇൻ-ചാർജ്ജ്) | 14.03.2019 മുതൽ 31.03.2019 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ജോബി.വി.വി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റൻറ് എഞ്ചിനീയർ | ശ്രീമതി.നിമ്മി.ഇ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.ഫെനി തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ദീപ വിജയൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ശ്യാമള.കെ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.മിനി രാധാകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്. | ശ്രീമതി.ഡെയ്സി സെബാസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (വെസ്റ്റ് കൊരട്ടി) | ശ്രീ.ജോയ്.എം.ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ (മേലഡൂർ) | ശ്രീമതി.സന്ധ്യ.ആർ | 01.04.2018 മുതൽ 05.09.2018 വരെ |
| | ശ്രീമതി.ലേഖ.വി.വി | 06.09.2018 മുതൽ 24.09.2018 വരെ |
| | ശ്രീ.സജീഷ് | 25.09.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീമതി.ശ്രീലത.കെ.എ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജിംസി.സി.ജോസ് | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | അനില.ടി.തെയ്യശ്ശഞ്ചേരി | 01.04.2018 മുതൽ 01.08.2018 വരെ |
| | 02.08.2018 മുതൽ 08.08.2018 വരെ ഒഴിവ് | |
| | ശ്രീമതി.നിഷ.സി | 09.08.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വിവിധ ചാലുകളും കുളങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-12 |
| 13 | രശീതി പരിശോധന-അപാകതകൾ | 1-13 |
| 14 | ഇ-ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 1-14 |
| 15 | വാടക വരവ്-അപാകതകൾ | 1-15 |
| 16 | വേക്കൻസി റെമിഷൻ/ഡിമോളിഷ്ഡ് ബിൽഡിങ്ങ്-സഞ്ചയയിൽ ഒഴിവാക്കിയത് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി അംഗീകരിച്ചിട്ടില്ല. | 1-16 |
| 17 | വസ്തു നികുതി നിർണ്ണയം-സഞ്ചയയിലെ സാങ്കേതികപ്പിഴവ് മൂലം നികുതി കുറവായി ഈടാക്കി | 1-17 |
| 18 | വസ്തുനികുതി, ബിൽഡിങ്ങ് പെർമിറ്റ് ഫയലുകൾ | 1-18 |

| | | |
|---|---|---|
| | പ്രളയത്തിൽ നഷ്ടപ്പെട്ടു | |
| 19 | അനധികൃ നിർമ്മാണം ക്രമവൽക്കരിച്ചിട്ടില്ല | 1-19 |
| 20 | നിലം ആയ സ്ഥലത്ത് വാണിജ്യാവശ്യത്തിനായി കെട്ടിടത്തിന്റെ തരം മാറ്റി നൽകി. | 1-20 |
| 21 | വിവിധ കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കിയില്ല | 1-21 |
| 22 | ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ല | 1-22 |
| 23 | പഞ്ചായത്തിന് വിവിധ സ്രോതസ്സിൽ നിന്ന് ലഭ്യമായ തുകകൾ വിനിയോഗിച്ചിട്ടില്ല | 1-23 |
| 24 | ആശ്രയ പദ്ധതി ചെലവു രേഖകൾ ഹാജരാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു | 1-24 |
| 25 | ഭവന നിർമ്മാണം, പുനരുദ്ധാരണം- പ്രവൃത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. | 1-25 |
| 26 | ലൈഫ് പദ്ധതി രണ്ടാംഘട്ടം-ജനറൽ, മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കണം. | 1-26 |
| 27 | പെയിൻ ആന്റ് പാലിയേറ്റീവ് -ഉത്തരവിനു വിരുദ്ധമായി ബെഡ് ഷീറ്റ് വാങ്ങി നൽകി | 1-27 |
| 28 | പാലിയേറ്റീവ് കെയർ മരുന്ന് ലഭ്യമായിട്ടില്ല | 1-28 |
| 29 | വയോജനങ്ങൾക്ക് യോഗ പരിശീലനം-പ്രായം തെളിയിക്കുന്നതിനുള്ള രേഖകൾ ഇല്ല | 1-29 |
| 30 | വെറ്ററിനറി സർജൻ നടപ്പാക്കിയ കന്നുകുട്ടി പരിപാലനം-തുടർ നടപടി സ്വീകരിക്കണം. | 1-30 |
| 31 | അസി.സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ എസ്.സി വിവാഹധനസഹായം പദ്ധതി ആദ്യബില്ലുമായി ബന്ധപ്പെട്ട രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു | 1-31 |
| 32 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് ബെയ്‌ലിംഗ് മെഷീൻ വാങ്ങിയത് മുന്നൊരുക്കങ്ങൾ നടത്താതെ | 1-32 |
| 33 | സ്ട്രീറ്റ് ലൈറ്റ് മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ് | 1-33 |
| 34 | ബാലസഭാ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള യോഗാ പരിശീലനം-ഇൻസ്ട്രക്ടർക്ക് നൽകിയ അധിക തുക തിരികെ ഈടാക്കേണ്ടതാണ്. | 1-34 |
| 35 | സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതികൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച് | 1-35 |
| 36 | ജലനിധി വെള്ളച്ചാർജ് കുടിശ്ശിക – 3324345/- രൂപാ | 1-36 |
| 37 | പ്രവൃത്തികൾ വൈകി പൂർത്തിയാക്കിയ | 1-37 |

| | | |
|---|---|---|
| | കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല | |
| 38 | എസ്റ്റിമേറ്റ് റേറ്റിൽ രണ്ട് ടെണ്ടറുകൾ ലഭിച്ചു, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ ഒന്ന് 5% കൂടുതൽ എന്നും ഒന്ന് എസ്റ്റിമേറ്റ് നിരക്കെന്നും രേഖപ്പെടുത്തിയിരിക്കുന്നു | 1-38 |
| 39 | തൊഴിലുറപ്പ് പദ്ധതി-സമയബന്ധിതമായി ഓഡിറ്റ് നടത്തണം. മോണിറ്ററിംഗ് ഉറപ്പുവരുത്തണം | 1-39 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 40 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 41 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 42 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 44 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 45 | സ്ഥിര നിക്ഷേപം | 4-6 |
| 46 | ഓഡിറ്റ് റിക്കവറി | 4-7 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 48 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 51 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം1 |
| 52 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 27.02.2019

തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് 179058368/- രൂപയും, പ്രതീക്ഷിത ചെലവ് 167931799/- രൂപയും ആണ്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.19 | 06.05.2019 |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9272199.20 |
| വരവ് | 107564045 |
| ആകെ | 116836244.20 |
| ചെലവ് | 85701936 |
| നീക്കിയിരിപ്പ് | 31134308.20 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16677288 | 16677288 | 16326269 | 351019 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8757000 | 8757000 | 8026540 | 730460 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10226451 | 10226451 | 10226451 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3467000 | 3467000 | 3467000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9701793 | 9701793 | 6039749 | 3662044 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 79691294 | 149 | 57165104 | 6 | 40 | 76.4 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3639.50 | 688524 | 692163.50 | 597506 | 94657.50 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16762699 | 16762699 | 16762699 | 0 |

വാർഷിക കണക്ക് പ്രകാരമുള്ള തുകകളാണ് ചേർത്തിരിക്കുന്നത്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 46800 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 10350400 | 807 |
| വിധവാപെൻഷൻ | 16697600 | 1335 |
| വാർദ്ധക്യകാലപെൻഷൻ | 30402400 | 2568 |
| വികലാംഗപെൻഷൻ | 3983300 | 314 |
| 50 വയസ്സിന് മേൽ പ്രായമുള്ള | 1160400 | 94 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3-1-2020, 3 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 52399/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

പദ്ധതി പുരോഗതി സംബന്ധിച്ച് ഉള്ള ഒരു അവലോകനം കമ്മിറ്റികളിൽ നടക്കുന്നതായി കാണുന്നില്ല. പദ്ധതിയുടെ മോണിറ്ററിംഗ് കൃത്യമായി നടക്കുന്നില്ല. കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥർക്ക് അനുവദിച്ച് നൽകുന്ന രസീത് പുസ്തകങ്ങളിലെ, പിരിവ് തുക അടവാക്കുന്നതിൽ കാലവിളംബം കാണുന്നുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.12.2019 | 09/2019-11/2019 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.04.2013 മുതൽ 15.04.2013 വരെ | 2008-09 മുതൽ 2012-13 വരെ | ടി റിപ്പോർട്ട് 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ നഷ്ടപ്പെട്ടു. |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3087520 | 2932782 | 150881 | 32620 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3087520 | 2932782 | 149734 | 32640 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res.buildingന്റെ ലെഡ്ജർ) | * (34272/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2017-18 AFS പ്രകാരം അഡ്വാൻസ് ഇനത്തിൽ തൻവർഷം ക്രമീകരിക്കാൻ വകയിരുത്തിയിരുന്ന തുക 1147/-രൂപ ആയിരുന്നു. വസ്തു നികുതി പ്രയർ പീരീഡ് ഇൻകം 149734/-രൂപ തൻ വർഷം ജേണൽ പ്രകാരം കൊണ്ടു വരികയും, 26061/-രൂപ 2019-20 വർഷത്തേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ആയത് അംഗീകരിക്കുന്നില്ല.

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 2467577 | 2384641 | 67035 | 44268 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2467577 | 2384641 | 67035 | 44282 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance collection-PT on NR.buildingന്റെ ലെഡ്ജർ) | *(46496 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

വസ്തു നികുതി പ്രയർ പീരീഡ് ഇൻകം 67035/-രൂപ തൻവർഷം ജേണൽ പര്കാരം കൊണ്ടുവരികയും 16159/-രൂപ 2019-20 വർഷത്തേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ആയത് അംഗീകരിക്കുന്നില്ല.

## 2.2കുടിശ്ശിക

### 2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 327625 | 292413 | 47373 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 341956 | 292323 | 47488 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (152007+207047= 359054/105*100)=........ | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (49862/105X100)=...... |

### 2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 203789 | 161235 | 49040 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 212948 | 161235 | 49088 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (1658+4031=5689/105*100)=5418 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (4520/105X100)=4305, (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| | | | | | | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 157925 | 17382 | 175307 | 149281 | 14899 | 164180 | 8234 | | 1652 | 2489 | 3375 |
| | നോൺ-റെസിഡൻഷ്യൽ | 124637 | 10423 | 135060 | 119922 | 8148 | 128070 | 3428 | | 2228 | 2502 | 3813 |
| | ആകെ | | | 310367 | | | 292250 | 11662 | | | | 7188 |
| | | 277755 | | | 292323 | | | | | 8871 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 28623+148550+118238+5826+5141=277755 (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15431910101 – State govt.Cess/ levies ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4. "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ: 2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.5. 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ അന്നമനട ഗ്രാമപഞ്ചായത്തിൽ 199 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 5555097 മാസം രണ്ട് തവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 292323 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 292250 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 244343 രൂപയാണ്. (വൗച്ചർ 41800496 തീ.31/3/2019, 41800499 തീ.31.03.19, 41800500 തീ.31.03.19) (പട്ടിക 2.3 കാണുക )

2.7. 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30.03.2018ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു, പ്രൈയർ പീരിയഡ് എെറ്റംസ് എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റു രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31.03.18 ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101 – Advance collection of revenues – Property tax on Res.building | 1147 | 149734 |
| 2 | Advance collection of revenues – Property tax on Non - Res.building | 0 | 67035 |

2.8. തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 216769/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്രം.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800493 | 31.3.19 | 149734 |

2.8.2 നോൺ-റെസിഡൻഷ്യൽ

| ക്രം.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800497 | 31.3.19 | 67035 |

2.9. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ 182172/-രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ '431910101'-State govt levies in property tax എന്ന ശീർഷകത്തിൽ വരേണ്ട തുക 8676(182172/105x5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 8871/-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3. 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്രം.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(41 കെട്ടിടങ്ങൾ) | 130100101-Rent from Building | 1232484 | 10.12.18<br>01.03.19 | 41800173<br>41800423 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വാർഷികാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26.07.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻരേഖപ്പെടുത്തിയിട്ടില്ല.

5. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും

അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 142063 |
| 280100104-Prior period income-Property tax on non residential buildings | 59364 |
| 280200401-Prior period income-Other income | 427277 |
| 280800301-Prior period-Operation and maintenance expenses | 76788 |
| 280800401-Prior period interest and finance charge | 257 |
| 280800601 – Prior period revenue grants and contributions | 142540 |

6. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്കഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻടികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 21862109/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 29662043/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9. 2018-19 വർഷത്തെ Income and expenditure പത്രിക പ്രകാരം 5850396/-രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ, എന്നിവ ഹാജരാക്കിയിട്ടില്ല.

10. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 234237/-രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. കൂടാതെ നീക്കിബാക്കിയും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

11. താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 46050024 – Advance to implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽ നിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർക്ഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്റർ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | എ) സ്ട്രീറ്റ് മെയിൻ വലിക്കലും ട്യൂബ് ലൈറ്റ് സ്ഥാപിക്കലും | 21801304/ 15.03.19 | 200000/- | 410600104 | 460500205 - Advance to implementing Agencies - KSEB |
| | | 21801290/12.02.19 | 570791/- | 412010101 | |
| | | 2181386/ 09.03.19 | 1594/- | 412010101 | |
| 2 | പഞ്ചായത്ത് ഓഫീസിൽ കുഴൽ കിണർ നിർമ്മാണം | 21801372/ 31.03.19 | 150000 | 23500501 | 460500201 - Advance to implementing Agencies - GWA |

11.1 മേൽ പ്രകാരം വികസന ഫണ്ട്/(മെയിന്റനൻസ് ഗ്രാന്റ് ഒഴികെ മറ്റ് ഗ്രാന്റുകൾ)ൽ നിന്നും നൽകിയ മേൽ തുകകൾ 31.03.19ൽ ചെലവഴിക്കാത്തതിനാൽ ആയത് B-4 Grants and contribution for specific purpose എന്ന ഷെഡ്യൂളിൽ അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

# 1-12 വിവിധ ചാലുകളും കുളങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ലേല ഫയൽ പരിശോധിച്ചതിൽ ലേലം മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നതിനായി തീരുമാനമെടുത്തിരുന്ന താഴെ കൊടുത്തിരിക്കുന്ന ചാലുകളും കുളങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കണ്ടു.വിശദാംശം താഴെ ചേർക്കുന്നു.

1.ഐനിത്തുറ

2.കരിക്കാട്ടിചാൽ

3.ഒറവങ്കുളം പൈങ്കാവ്

4.കാട്ടാഞ്ചിറക്കുളം

5.എരയാംകുടിത്തുറ

6.മൂക്കിനിക്കര വലിയ കുളം
7.മൂക്കിനിക്കര ചെറിയ കുളം

പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികൾ കൃത്യമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-13 രശീതി പരിശോധന-അപാകതകൾ

പഞ്ചായത്തിൽ നിന്നും വെറ്ററിനറി സർജന് അനുവദിച്ച് നൽകിയ രസീത് പുസ്തകത്തിൽ, തീയതി രേഖപ്പെടുത്താതെ തുക പിരിക്കുന്നതായി കാണുന്നുണ്ട്. കൂടാതെ, പിരിവ് തുക പഞ്ചായത്തിൽ അടവാക്കിയതിന് ശേഷം, അതിന് തൊട്ട് മുൻപുള്ള ദിവസം പിരിച്ച തീയതിയായി രസീതിൽ എഴുതിച്ചേർക്കുകയാണ് ചെയ്യുന്നത്. പിരിച്ച തുക അതാത് ദിവസം തന്നെ പഞ്ചായത്തിൽ അടവാക്കാൻ നിർവഹണോദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

# 1-14 ഇ-ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2018-19 വർഷം ഇ-ടെണ്ടർ ചെയ്ത വർക്കുകളുടെ ടെണ്ടർ ഫീ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് അടവാക്കിയിരിക്കുന്ന തുക തിരികെ പഞ്ചായത്ത് അക്കൗണ്ടിലേക്ക് അടവാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-15 വാടക വരവ്-അപാകതകൾ

2018-19 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1) പഞ്ചായത്ത് കമ്മറ്റിയുടെ 17.03.2018 തീയതിയിലെ 5/5(1) തീരുമാനപ്രകാരം 2018-19 വർഷത്തേക്ക് 20% വാടക വർദ്ധിപ്പിച്ച് നിലവിലുള്ള വാടകക്കാർക്ക് തന്നെ പുതുക്കി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം താഴെ പറയുന്നവർക്ക് 5% മാത്രമാണ് വാടകത്തുകയിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്.

| ക്രമ നം | റൂം നമ്പർ | വാടകക്കാരന്റെ പേര് | 2017-18ലെ വാടക | 2018-19ലെ വാടക |
|---|---|---|---|---|
| 1 | IV/554 | സജിനി സിറാജുദ്ദീൻ | 1021 | 1073 |
| 2 | IV/551 | ബാബു വെട്ടിയാടൻ | 1021 | 1072 |
| 3 | IV/549 | പ്രകാശൻ മുളങ്ങിൽ | 1278 | 1342 |
| 4 | IV/548 | ജോർജ് എം.പി | 1405 | 1476 |
| 5 | IV/547 | തോമസ് കോഴിപ്പാട്ട് | 1405 | 1476 |
| 6 | IV/546 | പ്രിജു ഇ.എ, എടത്തിപ്പറമ്പിൽ | 1533 | 1610 |
| | | | | |

| | | | | |
|---|---|---|---|---|
| 7 | IV/545 | വിൽസൻ,പാറക്കൻ | 1405 | 1476 |
| 8 | IV/544 | നൗഷാദ് വട്ടത്താമുറി | 1788 | 1878 |
| 9 | IV/543 | ലോനപ്പൻ പാറക്ക, ഞർളേലി | 2382 | 2502 |
| 10 | IV/542 | ശിവദാസൻ മങ്ങാടത്ത് | 2809 | 2950 |
| 11 | IV/541 | ജോമോൻ കെ ജെ കുടിലിങ്ങൽ | 7020 | 7371 |
| 12 | IV/536 | ടെന്നി ആന്റണി, ആട്ടോക്കാരൻ | 3320 | 3486 |
| 13 | IV/535 | „ „ | 3320 | 3486 |
| 14 | IV/534 | ഗിരീഷ് , ഇടത്തിപ്പറമ്പിൽ | 3064 | 3218 |
| 15 | IV/533 | വി.ജെ ജോർജ് വെട്ടിയാടൻ | 3310 | 3476 |
| 16 | IV/532 | സിറാജ്ജുദ്ദീൻ പൂളിക്കൽ | 3064 | 3218 |
| 17 | IV/531 | „ „ | 3320 | 3486 |

മേൽ പറഞ്ഞവർക്ക് 1.8.2018ലെ WP(C) 25838/18-ാം നമ്പർ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വാടകവർദ്ധനവിൽ ഇളവു നൽകിയതെന്നാണ് ഓഡിറ്റ് എൻക്വയറി 29 ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുള്ളത്, ആയതുസംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) വാർഷികകണക്കുകളിൽ വാടക ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ ചേർത്തിട്ടുള്ളതിൽ താഴെ പറയും പ്രകാരം അപാകത വന്നിട്ടുണ്ട്.

* വാടകരജിസ്റ്റർ പ്രകാരം IV/535 -ാം നമ്പർ മുറിയുടെ വാടകക്കാരനായ ടെന്നി ആന്റണിയിൽ നിന്നും 3486/- രൂപ നിരക്കിൽ 41832/- രൂപ 2018-19 ൽ കളക്ഷനുണ്ട്. എന്നാൽ വാടകരജിസ്ററർ പേജ് നമ്പർ 43 ലുള്ള ഡിസിബി പത്രികയിൽ ഈ മുറിയുടെ വാടക ഡിമാന്റ്-കളക്ഷൻ-ബാലൻസ് 41664/- രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഡിസിബി പത്രികയിലുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസ് ആകെ തുകകളാണ് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ വാർഷികകണക്കിലെ തൻവർഷവാടക ഡിമാന്റ് -കളക്ഷനിൽ 168/- രൂപ കുറവുണ്ട്.

*സബ് രജിസ്ട്രാർ ഓഫീസ്, അന്നമനട എന്ന സ്ഥാപനത്തിന് IV/556-ാം നമ്പർ മുറി 1871/-രൂപ നിരക്കിൽ വാടകക്ക് നൽകിയിട്ടുള്ളതായി രജിസ്റ്ററിൽ കാണുന്നു. എന്നാൽ ഓഡിറ്റ് വർഷം ഈ സ്ഥാപനം വാടക അടവാക്കിയിട്ടില്ല. അതായത് 1871x12=22452/-രൂപ 2018-19 വർഷത്തെ വാടകക്കുടിശ്ശികയുണ്ട്. വാടക രജിസ്റ്റർ പേജ് 43 ലെ ഡിസിബി സ്റ്റേറ്റ്മെന്റിൽ ഈ മുറിയുടെ തൻവർഷ വാടക ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ 'പൂജ്യം' (0) എന്നാണ് കാണിച്ചിട്ടുള്ളത്. 31.03.2018 ലെ ഈ മുറിയുടെ വാടകക്കുടിശ്ശിക 130110/- രൂപ തന്നെയാണ് 31.3.2019 ലും കുടിശ്ശികയായി 2018-19 വാർഷികകണക്കുകളിൽ കാണിച്ചിരിക്കുന്നത്.

മേൽ പറഞ്ഞപ്രകാരം വാടക ഡിമാന്റ്-ബാലൻസിൽ 22452/- രൂപയുടെ കുറവു വന്നിട്ടുള്ളത് അടുത്തവാർഷികകണക്കിൽ പരിഹരിക്കേണ്ടതാണ്.

3) വാടക ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരുമായുള്ള കരാറുകൾ, ഈ മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് എന്നിവ പരിശോധനക്ക് ആവശ്യപ്പെട്ടുവെങ്കിലും അവ 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ നഷ്ടപ്പെട്ടതായാണ് മറുപടി ലഭിച്ചത്. ആയതിനാൽ വാടക ബൈലോയും മേൽ പറഞ്ഞ രേഖകളും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

# 1-16 വേക്കൻസി റെമിഷൻ/ഡിമോളിഷ്ഡ് ബിൽഡിങ്ങ് -സഞ്ചയയിൽ ഒഴിവാക്കിയത് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി അംഗീകരിച്ചിട്ടില്ല.

വേക്കൻസി റെമിഷൻ/ഡിമോളിഷ്ഡ് ബിൽഡിങ്ങ് – സഞ്ചയയിൽ ഒഴിവാക്കിയത് സംബന്ധിച്ച് സഞ്ചയയിൽ നിന്നുള്ള ലിസ്റ്റ് പരിശോധിച്ചതിൽ 2018 ഒക്ടോബർ മാസം മുതലുള്ള (പ്രസ്തുത കാലയളവിനു മുമ്പുള്ള മിനിട്സ് പ്രളയത്തിൽ നഷ്ടമായതിനാൽ ലഭിച്ചില്ല) നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുമായി ബന്ധപ്പെട്ട ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി തീരുമാനം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ-10/28.12.2019)

# 1-17 വസ്തു നികുതി നിർണ്ണയം- സഞ്ചയയിലെ സാങ്കേതികപ്പിഴവ് മൂലം നികുതി കുറവായി ഈടാക്കി

ഫയൽ നമ്പർ-എ3-1526/19/2.3.2019 & എ3-841/19

ബിജു സേവ്യർ, ഇല്ലിക്കൽ ഹൗസ്, വെണ്ണൂർ, വാർഡ് 2 എന്ന വ്യക്തിയുടെ നിലവിലുണ്ടായിരുന്ന 400എം$^2$ കെട്ടിടത്തോട് നിർമ്മിച്ച 1081 എം$^2$ കെട്ടിടം ക്രമവൽക്കരിക്കുന്നതിനും നമ്പറിങ്ങിനും അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ടിയാളുടെ നിലവിലുണ്ടായിരുന്ന 400എം2 കെട്ടിടത്തിന് 2014-15 ഒന്നാം അർദ്ധവർഷം മുതൽ നികുതി പുനർ നിർണ്ണയിച്ചത് 19200/-രൂപ വസ്തു നികുതിയും 960/-രൂപ ലൈബ്രറിസെസും ആയാണ്. എന്നാൽ പുതിയ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചപ്പോൾ പഴയ കെട്ടിടത്തിന്റെ നികുതി 19200/- രൂപ കൂട്ടുന്നതിനു പകരം 2688/- രൂപ ആണ് കൂട്ടിയിരിക്കുന്നത്. കൂടാതെ ടിയാന്റെ ബേക്കറി കെട്ടിടത്തിന് 1എം$^2$ ന് 50/- രൂപ എന്ന നിരക്കിനു പകരം 1എം$^2$ന് 60/- രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

നിലവിൽ ടിയാന്റെ കെട്ടിടത്തിന് നിർണ്ണയിച്ച നികുതി -- 51835/-BT+2592/-LC ആയാണ്. അപാകങ്ങൾ ഒഴിവാക്കിയാൽ ടിയാന്റെ കെട്ടിടത്തിന് നിർണ്ണയിക്കാവുന്ന നികുതി താഴെ ചേർക്കുന്നു.

പുതുതായി കൂട്ടിചേർത്ത വിസ്തീർണ്ണം – 1081എം$^2$

അടിസ്ഥാന വസ്തുനികുതി @50 – 54050/-

| | | |
|---|---|---|
| ഇളവ് | 10% | – 5405/- |
| ആകെ | | – 48645/- |
| പഴയ 400എം2ന്റെ നികുതി | | – 19200/- |
| ഒട്ടാകെ | | – 67845 BT+3392LC |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (8/27.12.2019) സഞ്ചയയിൽ വിവരങ്ങൾ നൽകുമ്പോൾ മേൽ പ്രകാരം തെറ്റായാണ് വസ്തുനികുതി വരുന്നതെന്നാണ്. ഈ വിഷയം ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തി അപാകം പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 വസ്തുനികുതി, ബിൽഡിങ്ങ് പെർമ്മിറ്റ് ഫയലുകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു.

ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ സെപ്റ്റംബർ 2018 മുതലുള്ള രേഖപ്പെടുത്തൽ മാത്രമേ ഫയലിൽ ഉള്ളൂ. ആയതിനാൽ 2018 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള ഫയലുകൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വസ്തുനികുതി നിർണ്ണയ ഫയലുകളും സെപ്റ്റംബർ വരെയുള്ളത് മാത്രമേ പരിശോധിക്കുവാൻ സാധിച്ചിട്ടുള്ളൂ. മേൽ ഫയലുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടിയായി ഇവ 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ നഷ്ടപ്പെട്ടതായി മറുപടി നൽകി. (എൻക്വയറി നമ്പർ-9/28.12.2019)

# 1-19 അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചിട്ടില്ല.

ഫയൽ നമ്പർ – എ3-8190/18-19

ശ്രീ.രാജപ്പൻ.സി.ആർ, കണക്കശ്ശേരി മേലഡൂർ എന്ന വ്യക്തിയുടെ കന്നുകാലി ഷെഡ്ഡിന് ടിയാൻ പെർമിറ്റിന് അപേക്ഷിക്കുകയും ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. 12.12.2018 ൽ ടിയാന് നൽകിയ കത്തിൽ നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം, ഫയർ എൻ.ഒ.സി എന്നിവ ഹാജരാക്കുന്നതിന് നിർദ്ദേശിച്ച് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടിയാൻ രേഖകൾ ഹാജരാക്കിയിട്ടില്ല. നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 135 എഎ പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-20 നിലം ആയ സ്ഥലത്ത് വാണിജ്യാവശ്യത്തിനായി കെട്ടിടത്തിന്റെ തരം മാറ്റി നൽകി.

ഫയൽ നമ്പർ-എ3-307/19

ശ്രീ.ഉണ്ണികൃഷ്ണൻ & ശ്രീ നാരായണൻ കുട്ടി എന്നിവർ 16.01.2019 ൽ പാർപ്പിടാവശ്യത്തിനായി ഉപയോഗിച്ചിരുന്ന 29$m^2$ വിസ്തീർണ്ണമുള്ള 8/244 എന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റുന്നതിനും തറവിസ്തീർണ്ണം കൂട്ടുന്നതിനുമായി പെർമിറ്റ് അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചു. ഓവർസിയറുടെ പരിശോധനയിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണത്തോടു കൂടി 29.1$m^2$ കൂട്ടി ചേർത്ത് കെട്ടിടം പണി

പൂർത്തീകരിച്ചതായി റിപ്പോർട്ട് ചെയ്തു (ആകെ 58.10$m^2$). വാണിജ്യാവശ്യത്തിനാണ് ഉപയോഗ ക്രമം മാറ്റിയത്. 2018 ലെ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പ്രകാരം 2.02 ആർ ഭൂമിയിൽ 40$m^2$ വാണിജ്യകെട്ടിടം പണിയുന്നതിന് മാത്രമേ പഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നമ്പർ-8/27.12.2019) നൽകിയ മറുപടിയിൽ അനധികൃത നിർമ്മാണം കണ്ടെത്തിയതിനെ തുടർന്ന് ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും തുടർന്ന് ടാക്സ് നിർണ്ണയിച്ച് നൽകുകയുമാണ് ഉണ്ടായത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം (23) പ്രകാരം ചട്ടങ്ങളും നിയന്ത്രണങ്ങളും ലംഘിച്ചുകൊണ്ടുള്ള ഏതൊരംഗീകാരത്തിനും ഉദ്യോഗസ്ഥർ ഉത്തരവാദികളായി തീരുന്നതാണ്. 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി നിർമ്മാണാനുമതി നൽകുവാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

# 1-21 വിവിധ കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കിയില്ല.

പഞ്ചായത്ത് കമ്മിറ്റി നടപ്പിലാക്കുന്നതിനായി തീരുമാനം കൈക്കൊണ്ട താഴെ പറയുന്ന തീരുമാനങ്ങളിന്മേൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നമ്പർ-20/3.1.2020) പ്രസ്തുത തീരുമാനങ്ങളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല എന്ന് മറുപടി നൽകി. വിശദാംശം താഴെ ചേർക്കുന്നു.

എ) 22.03.2019 ലെ അജണ്ട 3 ന്റെ തീരുമാനം -ട്രാൻസാക്ഷൻ ഇല്ലാത്ത 5 അക്കൗണ്ടുകൾ ക്ലോസ് ചെയ്യുവാൻ തീരുമാനിച്ചു - ക്ലോസ് ചെയ്തിട്ടില്ല എന്ന് മറുപടി നൽകി. താഴെ പറയുന്ന 5 അക്കൗണ്ടുകളാണ് ക്ലോസ് ചെയ്യുവാൻ തീരുമാനിച്ചത്. അക്കൗണ്ട്സ് പരിശോധിച്ചതിൽ ഇവയിൽ ട്രാൻസാക്ഷൻ ഇല്ല എന്ന് ബോധ്യപ്പെട്ടു. ഈ അക്കൗണ്ടുകളിലെ ബാലൻസ് തുക ഇവ ലഭ്യമായ അതത് സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

ബി) 25.02.2019 ലെ അജണ്ട 12 ന്റെ തീരുമാനം-7, 8 വാർഡുകളിൽ പകൽ വീട് നിർമ്മിക്കുന്നതിന് 3 സെന്റ് സ്ഥലം വിട്ടുകിട്ടിയത് നിയമ പ്രകാരം ഏറ്റെടുക്കുവാൻ തീരുമാനിച്ചു. നടപടി സ്വീകരിച്ചു വരുന്നു എന്ന് മറുപടി നൽകി. സ്ഥലം നിയമ പ്രകാരം ഏറ്റെടുത്ത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

സി) 19.12.2018 ലെ അജണ്ട 6 ന്റെ തീരുമാനം-ജൈവ വൈവിധ്യ ബോർഡിൽ നിന്ന് ലഭിച്ച തുക തിരികെ അടവാക്കുവാൻ തീരുമാനിച്ചു. തുക തിരികെ അടവാക്കിയിട്ടില്ല എന്ന് മറുപടി നൽകി. ജൈവ വൈവിധ്യ ബോർഡിൽ നിന്ന് 19.06.2017 ൽ ലഭിച്ച 160000/- രൂപയിൽ നിലവിൽ ബാങ്ക് ചാർജ്ജ് കഴിച്ച് 158702/- രൂപ ബാലൻസ് ഉണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന തുകകൾ നിർദ്ദേശാനുസരണം വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും അല്ലാത്ത പക്ഷം ലഭ്യമായ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.

ഡി) 19.12.2018 ലെ അജണ്ട 7 ന്റെ തീരുമാനം - കരട് ഡാറ്റാ ബാങ്ക് തയ്യാറാക്കാത്തതിനാൽ പെർമിറ്റ് നൽകുന്ന സന്ദർഭങ്ങളിൽ ബുദ്ധിമുട്ട് ഉണ്ടാകുന്നതായി പൊതു ജനങ്ങളിൽ നിന്ന് പരാതികൾ ലഭിക്കുന്നതായി കമ്മറ്റി ചർച്ച ചെയ്തിട്ടുണ്ട്. കരട് ഡാറ്റാ ബാങ്ക് പൂർത്തീകരിച്ച് ലഭ്യമാക്കുവാൻ കൃഷി ഓഫീസറോട് ആവശ്യപ്പെട്ട് തീരുമാനിച്ചു. കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ

തയ്യാറാക്കി നൽകിയിട്ടില്ല എന്ന് മറുപടി നൽകി. 2008ലെ കേരള നെൽവയൽ –തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ, ചട്ടം (4) ൽ ഈ ചട്ടം നിലവിൽ വരുന്ന തീയതി മുതൽ മൂന്നമാസത്തിനകം ഡാറ്റാബാങ്ക് തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2014-15 ലെ ഓഡിറ്റ് റിപ്പോർട്ടിലും കരട് ഡാറ്റാ ബാങ്ക് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയതിനാൽ ഈ വിഷയത്തിൽ അടിയന്തിര തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-22 ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മേറ്റി തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ല.

2018-19 ൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി എടുത്ത താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

1) 03.12.2018 ലെ തീരുമാനം 3(2)-അന്നമനട ഗ്രാമ പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിന്റെ മോട്ടോർഷെഡ്ഡിന്റെ കറന്റ് ചാർജ്ജ് നിലവിൽ തനത് ഫണ്ടിൽ നിന്നാണ് അടവാക്കുന്നത്. യഥാർത്ഥത്തിൽ ഈ കറന്റ് ചാർജ്ജ് വാടകക്കാരാണ് അടവാക്കേണ്ടതെന്ന് കമ്മിറ്റി വിലയിരുത്തുകയും തുടർ നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

2) 05.02.2019 ലെ തീരുമാനം 2(3)-അന്നമനട ജംഗ്ഷനിലെ ഷോപ്പിങ്ങ് കോംപ്ലക്സിൽ വാഹന പാർക്കിങ്ങ് ഫീസ് ഈടാക്കുന്നതിന് അനുയോജ്യമായ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു.

മേൽ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച എൻക്വയറിക്ക് (നമ്പർ-2/26.12.2019) മറുപടിയായി 2020-21 സാമ്പത്തിക വർഷം മുതൽ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. കമ്മിറ്റി തീരുമാനങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

3) 08.03.2019 ലെ തീരുമാനം 3(2)-സാംഖ്യ സോഫ്റ്റ്‌വെയറിൽ ബാദ്ധ്യതാ ശീർഷകത്തിൽ "Refund of unutilised grants"എന്ന ശീർഷകത്തിൽ ഉൾപ്പെട്ട 121457/-രൂപ ഗ്രാമ പഞ്ചായത്തിന്റെ വരുമാന ശീർഷകത്തിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചു. പ്രസ്തുത തുക ജേണൽ എൻട്രി വഴി ഇൻകം ഹെഡ്ഡിലേക്ക് മാറ്റിയിട്ടുണ്ടെന്ന് മറുപടി നൽകി. ഗ്രാന്റ് ആയി ലഭിച്ച തുക പഞ്ചായത്തിന്റെ വരുമാനം ആക്കാവുന്നതല്ല. ആയത് സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

# 1-23 പഞ്ചായത്തിന് വിവിധ സ്രോതസ്സിൽ നിന്ന് ലഭ്യമായ തുകകൾ വിനിയോഗിച്ചിട്ടില്ല.

പഞ്ചായത്തിന് വിവിധ സ്രോതസ്സിൽ നിന്ന് ലഭ്യമായ തുകകൾ വിനിയോഗിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.(എൻക്വയറി നമ്പർ-3/26.12.2019)

1) 320200399 – ലൈഫ് സംഭാവന – 5215/-

2) 320200322 – ശുചിത്വ മിഷൻ – 1453212/-

പ്രസ്തുത തുകകൾ അവ ലഭ്യമായ ആവശ്യത്തിന് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-24 ആശ്രയ പദ്ധതി ചെലവു രേഖകൾ ഹാജരാക്കിയില്ല-ചെലവു തുക തടസ്സപെടുത്തുന്നു.

വി.ഇ.ഒ. മേലഡൂർ നടപ്പാക്കിയ പ്രൊജക്ട് നം. 15/19 പ്രകാരം ആശ്രയ പദ്ധതി നടത്തിപ്പിനായി ബിൽ നം. 5/18-19/24.7.18 പ്രകാരം 3,00,000/- രൂപ സി.ഡി.എസിന് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-25 ഭവന നിർമ്മാണം, പുനരുദ്ധാരണം- പ്രവൃത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

1. ലൈഫ് രണ്ടാംഘട്ടം- എസ്.സി. മുഴുവൻ ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

വി.ഇ.ഒ. വെസ്റ്റ് കൊരട്ടി നടപ്പാക്കിയ ലൈഫ് രണ്ടാംഘട്ടം പദ്ധതിയിൽ ഉൾപ്പെട്ടതും ഗ്രാമപഞ്ചായത്തുമായി കരാറിലേർപെട്ടതുമായ 7 ഗുണഭോക്താക്കളിൽ 4 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്ന് കണ്ടു.

| ക്രമനം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | നിർമ്മാണ ഘട്ടം |
|---|---|---|---|
| 1 | തങ്ക കണ്ണൻ, ഓപ്ലിയത്ത്,കുമ്പിടി | 3,60,000 | വാർക്ക |
| 2 | വത്സല ഇല്ലിക്കൽ, മേലഡൂർ | 2,00,000 | ലിന്റൽ |
| 3 | സനിത പരമൻ, മംഗലപറമ്പിൽ, എടയാറ്റൂർ | 3,00,000 | വാർക്ക |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. ഭവന പുനരുദ്ധാരണം- പ്രവൃത്തി പൂർത്തീകരിക്കണം

വി.ഇ.ഒ. മേലഡൂർ നടപ്പാക്കിയ പ്രൊജക്ട് നം. 17/19 പ്രകാരം 22 ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണത്തിനായി തുക വകയിരുത്തിയിരുന്നുവെങ്കിലും സാമ്പത്തിക വർഷത്തിൽ 17 ഗുണഭോക്താക്കൾ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. ബാക്കിയുള്ള അഞ്ച് പേരിൽ നിലവിൽ രാജൻ, മേലാത്തുരുത്തി വീട്, കുമ്പിടി, സുദർശനൻ, പാറപ്പുറത്ത് വീട്, മേലഡൂർ എന്നീ രണ്ട് ഗുണഭോക്താക്കൾ ഇപ്പോഴും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്ന് കണ്ടു. ടി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 ലൈഫ് പദ്ധതി രണ്ടാംഘട്ടം-ജനറൽ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കണം.

വി.ഇ.ഒ. വെസ്റ്റ് കൊരട്ടി നടപ്പാക്കിയ പ്രൊജക്ട് നം. 19/19 ലൈഫ് രണ്ടാം ഘട്ടം പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപെട്ട 30 ഗുണഭോക്താക്കളും നിലവിൽ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി ഗുണഭോക്തൃ രജിസ്റ്ററിൽ രേഖപെടുത്തി കണ്ടു. ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലായെന്ന് കണ്ടു. പദ്ധതി ലക്ഷ്യമിട്ട കാലയളവിൽ മുഴുവൻ ഗുണഭോക്താക്കളുടെയും ഭവന

നിർമ്മാണം പൂർത്തീകരിച്ചത് അഭിനന്ദനാർഹമാണ്. എന്നാൽ ഇതു സംബന്ധിച്ച മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് കൂടി ഫയലിൽ ഉൾപെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-27 പെയിൻ ആന്റ് പാലിയേറ്റീവ് -ഉത്തരവിനു വിരുദ്ധമായി ബെഡ് ഷീറ്റ് വാങ്ങി നൽകി

പ്രൊജക്റ്റ് നമ്പർ-52/19
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ
ബിൽ നമ്പർ – 6/21.03.2019, തുക – 113281/-

പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിക്കായി 115 എണ്ണം ബെഡ് ഷീറ്റ്, 230 തലയിണ കവറുകൾ എന്നിവ ഫാഷൻ വേൾഡ് അന്നമനട എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ – 1685/22.2.2019) 28014/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇവ വാങ്ങി നൽകുന്നതിന് അനുമതി ഇല്ല. ആയതിനാൽ ഇപ്രകാരം വാങ്ങൽ നടത്തുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുവാനും വിതരണ രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-30/4.1.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-28 പാലിയേറ്റീവ് കെയർ മരുന്ന് ലഭ്യമായിട്ടില്ല.

പ്രൊജക്റ്റ് നമ്പർ-52/19
നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി
ബിൽ നമ്പർ – 5/11.3.2019, തുക – 75600/-

മേൽ പ്രകാരം മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക നൽകിയതിൽ 64558/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി തുകയ്ക്കുള്ള (11042/-രൂപ) മരുന്ന് ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-29 വയോജനങ്ങൾക്ക് യോഗ പരിശീലനം-പ്രായം തെളിയിക്കുന്നതിനുള്ള രേഖകൾ ഇല്ല.

പ്രൊജക്റ്റ് നമ്പർ – 50/2019
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ ആയുർവേദം
ബിൽ നമ്പർ – 42/20.3.2019, തുക – 70000/-രൂപ

പ്രസ്തുത പദ്ധതി പ്രകാരം വയോജനങ്ങൾക്ക് പഞ്ചായത്തിലെ 4 സെന്ററുകളിൽ യോഗ പരിശീലനം നൽകി. എന്നാൽ പ്രസ്തുത വ്യക്തികളുടെ പ്രായം തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല. മോണിറ്ററിങ്ങ് റിപ്പോർട്ട്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവയും ഫയലിൽ ഇല്ല (ഓഡിറ്റ് എൻക്വയറി നമ്പർ-11/28.12.19). രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 70000/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-30 വെറ്ററിനറി സർജൻ നടപ്പാക്കിയ കന്നുകുട്ടി പരിപാലനം-തുടർ നടപടി സ്വീകരിക്കണം.

വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രൊജക്റ്റ് നം.32/19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 86 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി ബിൽ നം.3/18-19/21.3.19 പ്രകാരം 4,50,000/-

രൂപയും ചെക്ക് നമ്പർ 1407343/27.3.19, 1407344/28.3.19 എന്നിവ പ്രകാരം (325000+300000) 6,25,000/- രൂപയും ഉൾപെടെ ആകെ 10,75,000/- രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവഹണത്തിനായി 30.11.18 ലെ 1(7) നം. തീരുമാന പ്രകാരം കുമ്പിടി ക്ഷീര സംഘത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനം ഹാജരാക്കിയ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നിലവിൽ കാലിത്തീറ്റ കൈപ്പറ്റുന്നില്ലായെന്ന് കാണുന്നു.

| ക്രമനം. | ഗുണഭോക്താവിന്റെ പേര്/ വിലാസം | ടാഗ് നം. | അവസാനം കൈപ്പറ്റിയ തിയതി | നാൾവഴി രജിസ്റ്റർ പേജ് നമ്പർ |
|---|---|---|---|---|
| 1 | മേരി അന്തോണി, വടക്കുംചേരി, കുമ്പിടി | 420041/639415 | 22.5.19 | 54 |
| 2 | മൈഥിലി ഡേവിഡ്, പണ്ടാരവിളയിൽ, അന്നമനട | 420041/639893 | 21.6.19 | 60 |
| 3 | സുശീലാ സുബ്രഹ്മണ്യൻ, കണ്ടരുപറമ്പിൽ, എടയാറ്റൂർ | 420041/639015 | 22.5.19 | 64 |
| 4 | ലക്ഷ്മിക്കുട്ടിയമ്മ, കുട്ടാലിൽ, മേലഡൂർ | 420041/779203 | കൈപ്പറ്റിയിട്ടില്ല | 83 |

മേൽ ഗുണഭോക്താക്കൾ തുടർന്ന് കാലിത്തീറ്റ കൈപ്പറ്റുന്നില്ലായെങ്കിൽ ഇക്കാര്യം പരിശോധിച്ച് പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് ടി ഗുണഭോക്താക്കളുടെ വിഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

# 1-31 അസി.സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ എസ് സി വിവാഹധനസഹായം പദ്ധതി ആദ്യബില്ലുമായി ബന്ധപ്പെട്ട രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു

മേൽ പദ്ധതിയിൽ ബിൽ നം.2/18-19, തീയതി 27.06.18 പ്രകാരം മാറിയ 525000/- രൂപയുടെ ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടതായി മറുപടി നൽകിയിട്ടുണ്ട്.

# 1-32 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് ബെയിലിംഗ് മെഷീൻ വാങ്ങിയത് മുന്നൊരുക്കങ്ങൾ നടത്താതെ

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ ഈ പദ്ധതിയിൽ ബെയിലിംഗ് മെഷിൻ ക്ലീൻ കേരളാ കമ്പനിയിൽ നിന്നും വാങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. (27-10-2018 ലെ, 1(10)-ാം നമ്പർ തീരുമാനം)

പഞ്ചായത്ത് സെക്രട്ടറി 28.11.2018 ന് ക്ലീൻകേരളാ കമ്പനിയുമായി വച്ച കരാർ പ്രകാരം സപ്ലൈ ഓർഡർ നൽകി 90 ദിവസത്തിനകം സാധനം എത്തിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. ഇൻവോയ്സ് നം.184/2018-19, dt.04.12.18 പ്രകാരം 5,29,171/- രൂപാ കമ്പനിയ്ക്ക് നൽകിയെങ്കിലും (ബിൽ നം.28,

dt.12.12.2018) മെഷിൻ ലഭ്യമായത് 2019 ജൂണിൽ മാത്രമാണ്. 04.09.2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 7/1-ാം നമ്പർ തീരുമാനം പ്രകാരം ആണ് ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള തറ പണിയാൻ തീരുമാനമെടുത്തിട്ടുള്ളത്. കരാറിലെ ആറാം നമ്പർ വ്യവസ്ഥ പ്രകാരം, കമ്പനി ഇൻവോയ്സ് തീയതി മുതൽ ഒരു വർഷത്തേക്കാണ് മെഷിന് വാറണ്ടി നൽകുന്നത്. എന്നാൽ ഇൻവോയ്സ് തീയതി മുതൽ ഒരു വർഷം കഴിഞ്ഞിട്ടും മെഷിൻ പ്രവർത്തിപ്പിച്ച് തുടങ്ങിയിട്ടില്ല. മേൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.5), സപ്ലൈ ചെയ്യാൻ വൈകിയതിനാൽ, വാറണ്ടി നീട്ടി നൽകാൻ ആവശ്യപ്പെട്ട് കമ്പനിയ്ക്ക് കത്ത് അയച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

വ്യക്തമായ ആസൂത്രണം ഇല്ലാതെ നടത്തുന്ന ഇത്തരം ചെലവുകൾ പദ്ധതിപണത്തിന്റെ ദുർവിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു.

# 1-33 സ്ട്രീറ്റ് ലൈറ്റ് മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പേജ് നം.4 ൽ, 02.11.2019ലെ ട്യൂബ് ലൈറ്റ് ക്ലോസിംഗ് സ്റ്റോക്ക് 445 ആണ്, ഇതിന് ശേഷം, 21.12.2019 വരെ 510 എണ്ണം വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 02.11.2019 ന് ശേഷം പുതിയ സ്റ്റോക്ക് വന്നതായി കാണുന്നില്ല. സ്റ്റോക്കിൽ ഉള്ളതിനേക്കാൾ അധികം വിതരണം ചെയ്തത് സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നം.6) മറുപടിയിൽ പ്രളയം വന്നപ്പോൾ സ്റ്റോക്ക് രജിസ്റ്റർ നഷ്ടപ്പെട്ട് പോയി എന്നും, പ്രളയ സമയത്ത് മാറ്റി വച്ചിരുന്ന ട്യൂബ് ലൈറ്റുകൾ പിന്നീട് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാൻ വിട്ട് പോയതാണെന്നും അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

# 1-34 ബാലസഭാ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള യോഗാ പരിശീലനം-ഇൻസ്ട്രക്ടർക്ക് നൽകിയ അധിക തുക തിരികെ ഈടാക്കേണ്ടതാണ്.

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ ബാലസഭാ പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ, കുട്ടികൾക്ക് യോഗാപരിശീലനം നൽകിയിട്ടുണ്ട്. 26-12-2018 മുതൽ 31-12-2018 വരെയും, 12-01-2019 തീയതിയിലും ആയി ആകെ 7 ദിവസം മാത്രമാണ് യോഗാ പരിശീലനം നടന്നതായി ഫയലിൽ കാണുന്നത്. എന്നാൽ, ബിൽ നം.294/13-3-2019 പ്രകാരം യോഗാ ഇൻസ്ട്രക്ടർ, ശ്രീ.ഷിബുവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് 12000/- രൂപാ നൽകിയതായി കാണുന്നു. സബ്സിഡി മാർഗരേഖാ, സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ, തീയതി.14-02-2018 പ്രകാരം, യോഗാ പരിശീലനത്തിന് ഒരു സെഷന് 400/- രൂപാ പ്രകാരം നൽകാനാണ് ഉത്തരവുള്ളത്. ഏഴ് ദിവസത്തെ പരിശീലനത്തിന് നൽകേണ്ട 2800/- രൂപാ കഴിച്ച് ഇയാൾക്ക് അധികം നൽകിയ തുക തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

# 1-35 സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ

# പദ്ധതികൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | കൈമാറിയ സ്ഥാപനം | കൈമാറിയ തുക | ബിൽ നം./തീയതി |
|---|---|---|---|---|
| 91/19 | സ്ട്രീറ്റ് മെയിൻ ഇല്ലാത്ത ഇടങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, ട്യൂബ് സെറ്റ് സ്ഥാപിക്കൽ | കെ.എസ്.ഇ.ബി, അന്നമനട | 570791/- | 41/18-19, തീയതി.13.02.2019 |
| | " " | കെ.എസ്.ഇ.ബി, കൊരട്ടി | 201594/- | 279, തീയതി.09.03.2019, 50/18-19, തീയതി.13.03.2019 |
| 51/19 | സുശാന്തം-വയോജനക്ഷേമ പ്രവർത്തനം-തുക അടവാക്കൽ | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 50000/- | 5/18-19,തീയതി.02.07.2018 |
| 53/19 | വിജ്ഞാൻ സാഗർ വിഹിതം അടവാക്കൽ | " " " | 100000/- | 6/18-19, തീയതി.09.07.2018 |

വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-36 ജലനിധി വെള്ളച്ചാർജ് കുടിശ്ശിക 3324345/- രൂപാ

അന്നമനട ഗ്രാമപഞ്ചായത്തിൽ, കുടിവെള്ളവിതരണം ജലനിധി ഏറ്റെടുക്കുന്നത് 2017 ഓഗസ്റ്റ് 1 മുതലാണ്. അന്നു മുതൽ വാട്ടർ അതോറിറ്റി ബൾക്ക് വാട്ടർ ചാർജ്ജ് ബിൽ ആണ് നൽകി വരുന്നത്. ജലനിധി കുടിവെള്ള വിതരണം ഏറ്റെടുക്കുമ്പോൾ പഞ്ചായത്തിലെ കുടിവെള്ള ചാർജ് കുടിശ്ശിക 0 ആയിരുന്നു. എന്നാൽ, 31.03.2019ൽ ജലനിധി വാട്ടർ അതോറിറ്റിയ്ക്ക് അടയ്ക്കാനുള്ള കുടിശ്ശിക 3324345/- രൂപയാണ്.

ജലനിധി സ്കീം ലെവൽ കമ്മിറ്റിയും പഞ്ചായത്ത് പ്രസിഡന്റും തമ്മിൽ ഒപ്പ് വച്ച കരാറിലെ നിർദ്ദേശം 4.10 പ്രകാരം, ഗ്രാമപഞ്ചായത്ത് എസ്.എൽ.സി യിൽ നിന്നും ഓരോ മാസവും, എസ്.എൽ.സി വാട്ടർ അതോറിറ്റിയ്ക്ക് അടയ്ക്കാനുള്ള കുടിശ്ശിക തുകയുടെ 2% ഫൈൻ ആയി ഈടാക്കേണ്ടതാണ് എന്ന് പറയുന്നുണ്ട്. എന്നാൽ പഞ്ചായത്ത് ഈ രീതിയിൽ ഫൈൻ ഈടാക്കുന്നില്ല.

ജലനിധി പദ്ധതിയുടെ ഭാഗമായി, പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി വച്ച കരാറിലെ 5.7 നിർദ്ദേശം പ്രകാരം, ഗ്രാമപഞ്ചായത്ത് തുടർച്ചയായി രണ്ട് മാസം വെള്ളക്കരം അടച്ചില്ലെങ്കിൽ, വാട്ടർ അതോറിറ്റി ഗവൺമെന്റിലേക്ക് അറിയിക്കുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് കുടിശ്ശിക ഒഴിവാക്കുന്നതിന് ജലനിധിയ്ക്ക് അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

# 1-37 പ്രവൃത്തികൾ വൈകി പൂർത്തിയാക്കിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടുകളിൽ, 2018-19 സാമ്പത്തിക വർഷം ഫൈനൽ ബില്ല് നൽകിയ ചില മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനു കാലതാമസം വന്നിട്ടുള്ളതായി കാണുന്നു. കരാറുകാരുമായുള്ള കരാർ നിബന്ധന 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴ കൂടാതെ അനുവദിക്കുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നുമാസത്തിനും കരാർ തുകയുടെ 2% വീതം ചുമത്തിക്കൊണ്ട് മാത്രമേ കാലാവധി നീട്ടിക്കൊടുക്കുകയുള്ളൂ.

പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാർക്ക് ഒരിക്കൽ പോലും നിർദ്ദേശം നൽകിയതായി കാണുന്നില്ല. തെരഞ്ഞെടുത്ത ടെണ്ടറർക്ക് അയച്ച സെലക്ഷൻ നോട്ടീസിൽ പണി പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തിയിട്ടില്ല. ടെക്നിക്കൽ സാങ്ഷൻ ഉത്തരവിൽ എല്ലാ പ്രവൃത്തികൾക്കും 6 മാസ കാലാവധിയാണ് അനുവദിച്ചിട്ടുള്ളത്. കാലാവധി നീട്ടിനൽകാനാവശ്യപ്പെട്ടുകൊണ്ട് കരാറുകാർ അപേക്ഷ സമർപ്പിച്ചതായോ പഞ്ചായത്ത് കമ്മറ്റി പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയം ദീർഘിപ്പിച്ച് തീരുമാനമെടുത്തതായോ ഫയലുകളിൽ കാണുന്നില്ല. കാലതാമസത്തിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | പ്രൊജക്ട് നം, പേര്, കരാറുകാരൻ, കരാർ നം, തീയതി, Agreed PAC | ചെലവ് തുക ട്രഷറിബില്ല് നം./ തീയതി | സൈറ്റ് കൈമാറിയ തീയതി | പൂർത്തീ കരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി (അളവ് പുസ്തകം) | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 1 | 173/19, അന്നമനട ഗ്രാമപഞ്ചായത്തിലെ വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ<br>മുഹമ്മദ് ഹക്കീം<br>39/AE-ANM/16-17/Dt.16.3.2017<br>PAC=1157165/-<br>ടെന്റർ തുക | (i)282156/-<br>(16-17ലെ ചെലവ്)<br>(ii)340501/-<br>(17-18ലെ ചെലവ്)<br>(iii)483496/-<br>TB 9/16.6.18<br>ആകെ=<br>1106153/- | 16.03.17 | 15.09.17 | 14.03.18<br>103/17-18 | 21.10.17<br>വരെ-nil<br>22.10.17 to 21.01.18 =1% of PAC=11572/-<br>22.1.18 to<br>14.3.18=2% =23143/-<br>ആകെ-34715/- |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | 210/19, ബസ്സ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലേക്കും നെഹ്റു സ്റ്റേഡിയത്തിലേക്കും പ്ലംബിംഗ്,<br>കെ.പി.സാനു,<br>76/AE-ANM/17-18/<br>Dt.27.03.2018<br>PAC=238982/-<br>(എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്) | (i)TB.16/13.02.19,<br>169000/-<br>(ii)ചെക്ക് നം<br>0911129/05.03.19,<br>6675/-<br>ആകെ=175675/- | 27.03.2018 | 26.09.18 | 14.01.19<br>61/17-18 | 01.11.18 വരെ nil<br>02.11.18-14.1.19<br>=1%=2390/- |
| | | | | | | 02.10.17-nil |
| 3 | എടയാറ്റൂർ കണ്ടംകുളം റോഡ് ടാറിംഗ്<br>കെ.പി.മുകുന്ദൻ,<br>36/ AE-ANM/16-17/Dt.28.2.2017<br>PAC=166741 | 166670/-<br>22/21.6.18<br>വൗച്ചർ നം. 21800734/16.6.19 | 28.2.17 | 27.8.17 | 21.3.18<br>69/17-18 | 03.10.17 to 02.01.18= 1%<br>=1667/-<br>03.01.18 to 21.03.18=2%<br>=3333/-<br>ആകെ=5000/- |
| 4 | 170/19, അന്നമനട മാർക്കറ്റ് റോഡ് മെയിന്റനൻസ്<br>മുഹമ്മദ് ഹക്കീം,<br>42/AE-ANM/16-17/Dt.16.03.2017<br>PAC=817950.2<br>എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്, സപ്ലി.കരാറില്ല | 816351/-<br>32/28.07.18<br>വൗച്ചർ നം. 21800794/27.7.18 | 16.03.17 | 15.09.17 | 09.03.18<br>31/16-17 | 21.10.17വരെ - nil<br>22.10.17 to 21.01.18 =1%<br>=8180/-<br>22.01.18 to 09.03.18, 2% =16359/-<br>ആകെ =24539/- |
| 5 | 101/19, ചെറുപറമ്പിൽ റോഡ്<br>കരാറുകാരൻ- എം.കെ.ജോജോ | 147373/-<br>36/21.03.19 | 31.07.18 | 31.01.19 | 12.03.19<br>157/18-19 | 08.03.19 -nil<br>09.03.19- 12.3.19= 1% of PAC=1474/- |

| | | | | | | |
|---|---|---|---|---|---|---|
| | കരാർ നം.8/AE-ANM/LSGD/2018-19 /31.07.2018<br><br>PAC=147399/- | | | | | |
| 6 | 105/19, ചുള്ളിവളപ്പ് റോഡ്<br><br>കരാറുകാരൻ- എം.കെ.ജോജോ<br><br>കരാർ നം.9/AE-ANM/LSGD/2018-19 /31.07.2018 | 204460/- 35/21.03.19,<br><br>81595/- 46/28.3.19,<br><br>total=286055/- | 31.07.18 | 31.01.19 | 08.03.19<br><br>66/17-18 | 36 ദിവസം വൈകി, ടൈം എക്സ്റ്റൻഷൻ അനുവദിച്ചിട്ടില്ല |
| 7 | 104/19, അൻസാരി ലിങ്ക് റോഡ് റീടാറിംഗ്<br><br>കരാറുകാരൻ- എം.കെ.ജോജോ<br><br>കരാർ നം.6/AE-ANM/LSGD/2018-19 /31.07.2018 | 89794/-<br><br>ട്രഷറി ബില്ല് നം 37/20.03.19 | 31.07.18 | 31.01.19 | 08.03.19<br><br>156/18-19 | " " |

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കേണ്ടതാണ്.

## 1-38 എസ്റ്റിമേറ്റ് റേറ്റിൽ രണ്ട് ടെണ്ടറുകൾ ലഭിച്ചു, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ ഒന്ന് 5% കൂടുതൽ എന്നും ഒന്ന് എസ്റ്റിമേറ്റ് നിരക്കെന്നും രേഖപ്പെടുത്തിയിരിക്കുന്നു

പള്ളി ലിങ്ക് റോഡ് റീടാറിംഗ്, 122/19

അടങ്കൽ - മെയിന്റനൻസ് (റോഡ്)-315000/-

ചെലവ് - ട്രഷറി ബില്ല് നം. 43/28.03.2019, 298986 /-

മേൽ പ്രവൃത്തിക്ക് ഇ.വി.ഫ്രാൻസിസ്, മുഹമ്മദ് ഹക്കിം എന്നിവർ സമർപ്പിച്ച രണ്ട് ടെണ്ടറുകൾ ഫയലിൽ ഉണ്ട്. രണ്ടിലും എസ്റ്റിമെറ്റ് നിരക്കാണ് കരാറുകാരൻ രേഖപ്പെടുത്തിയിരിക്കുന്നത്. 13.07.2018 തീയതിയിൽ ടെണ്ടർ തുറന്ന് അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിരിക്കുന്നതും എസ്റ്റിമേറ്റ് റേറ്റ് എന്നതന്നെയാണ്. എന്നാൽ ടെണ്ടറുകൾ പരിശോധിച്ച കമ്മറ്റി തീരുമാനത്തിൽ (തീരുമാനം നം. 1/(1).തീയതി 23.07.2018) ഇ.വി.ഫ്രാൻസിസ് "5% above "എന്ന രേഖപ്പെടുത്തി, മുഹമ്മദ് ഹക്കിം എന്നയാൾക്ക് കരാറ് നൽകി. കരാർ നം 24/AE-ANM / LSGD/18-19 /31.08.2018.

ഇപ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ രണ്ട് ടെണ്ടറുകൾ ലഭിച്ചതിൽ ഒരെണ്ണം “5% above "എന്ന് രേഖപ്പെടുത്തി ഒഴിവാക്കി, മറ്റേത് സ്വീകരിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല)

# 1-39 തൊഴിലുറപ്പ് പദ്ധതി-സമയബന്ധിതമായി ഓഡിറ്റ് നടത്തണം, മോണിറ്ററിംഗ് ഉറപ്പുവരുത്തണം

ഗ്രാമപഞ്ചായത്തിൽ 18-19 സാമ്പത്തിക വർഷത്തിൽ ആക്ഷൻ പ്ലാൻ പ്രകാരം 675 പ്രവൃത്തികൾക്കായി 9.97 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. തൊഴിൽ കാർഡുള്ള 3309 കുടുംബങ്ങളിൽ 995 പേർക്ക് തൻവർഷം തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. ആകെ നടപ്പാക്കിയ 154 പദ്ധതികളിലായി 57602 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും 1.55 കോടി രൂപ കൂലിയിനത്തിൽ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 18-19 ൽ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും ഓരേ തവണ തൊഴിലുറപ്പ് ഗ്രാമസഭ ചേർന്നിട്ടുണ്ട്. രണ്ട് മെറ്റീരിയൽ പ്രവൃത്തികളുടേതുൾപ്പെടെ 460487/- രൂപ വർഷാവസാനത്തിൽ ഗുണഭോക്താക്കൾക്ക് നൽകാൻ ബാക്കിയുണ്ട്.

2018-19 ലെ മാസ്റ്റർ സർക്കുലർ ഖണ്ഡിക 10.2 പ്രകാരം എല്ലാ മാസവും കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും ആയതിനു ശേഷം സോഷ്യൽ ഓഡിറ്റ് നടത്തി ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങണമെന്നും ഗ്രാമഭയിൽ അവതരിപ്പിച്ച സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന് പ്രോഗ്രാം ഓഫീസർ 15 ദിവസത്തിനകം ആക്ഷൻ ടേക്കൺ റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി മാസ്റ്റർ പ്ലാൻ സർക്കുലർ ഖണ്ഡിക 10.1.12 ൽ താഴെ കാണും പ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

1. 7 രജിസ്റ്റർ( ഖണ്ഡിക 10.8ൽ നിർദ്ദേശിച്ച പ്രകാരം)
2. വൌച്ചറുകൾ,
3. കാഷ്ബുക്ക് & ലെഡ്ജർ
4. സ്റ്റോക്ക് രജിസ്റ്റർ,
5. ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ
6. പ്രവൃത്തി സംബന്ധിച്ച രേഖകൾ (എസ്റ്റിമേറ്റ്, ഭരണാനുമതി, സാങ്കേതികാനുമതി, അളവ് പുസ്തകം, വേജ് ലിസ്റ്റ്, പ്രവൃത്തി ആരംഭിച്ചതിന്റേയും, പൂർത്തീകരിച്ചതിന്റെയും സാക്ഷ്യപത്രം, ഓഡിറ്റ് റിപ്പോർട്ട്, ലേബർ ബഡ്ജറ്റ് തുടങ്ങിയവ)

എന്നാൽ മേൽ സൂചിപ്പിച്ച രേഖകൾ പൂർണമായി തയ്യാറാക്കി സ്ഥാപനത്തിൽ സൂക്ഷിച്ചതായി കാണുന്നില്ല.

മാസ്റ്റർ സർക്കുലറിലെ ഖണ്ഡിക 10.2 പ്രകാരം ഓരോ മാസത്തിലും നടപ്പാക്കുന്ന പ്രവൃത്തികൾ പൂർണ്ണമായും പ്രതിമാസ കൺകറന്റ് ഓഡിറ്റ് നടത്തി പ്രോഗ്രാം ഓഫീസർ സാക്ഷ്യപെടുത്തി സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ കൺകറന്റ് ഓഡിറ്റ് നടത്തുന്നതിന് തൊഴിലുറപ്പ് തൊഴിലാളികൾ ഉൾപെടുന്ന പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിച്ച് ഗ്രാമസഭയുടെ അംഗീകാരം വാങ്ങുകയും ഇത്തരത്തിൽ രൂപീകരിക്കുന്ന വില്ലേജ് മോണിറ്ററിംഗ് കമ്മിറ്റികൾ ഓരോ പ്രവൃത്തി സ്ഥലവും മാസത്തിലൊരിക്കൽ സന്ദർശിക്കുകയും പ്രതിമാസ കൺകറന്റ് ഓഡിറ്റ് നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വില്ലേജ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് കൺകറന്റ് ഓഡിറ്റ് നടത്തിയിട്ടില്ല. ഓരോ വാർഡിലും നടപ്പാക്കിയ പ്രവൃത്തികൾ, വരവു ചെലവുകൾ, മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി കാണുന്നില്ല. ജില്ലാതല സോഷ്യൽ ഓഡിറ്റ് ടീം പദ്ധതി ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്ന വിവിധ പദ്ധതികൾ ദീർഘ നാളുകൾക്ക് ശേഷം ഭൗതിക പരിശോധന നടത്തി പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തി പരിശോധിക്കാൻ സാധിക്കാത്തതിനാൽ സമയബന്ധിതമായി കൺകറന്റ് ഓഡിറ്റും, സോഷ്യൽ ഓഡിറ്റും നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നടപ്പാക്കിയ പദ്ധതികളുടെ സൈറ്റ് ഡയറി ഫയലിനോടൊപ്പം സൂക്ഷിച്ചു കാണുന്നില്ല. പദ്ധതി നിർവ്വഹണത്തോടൊപ്പം കാര്യക്ഷമമായ മോണിറ്ററിംഗ് കൂടി ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.08.19, 22.08.19 | കെ.എസ്.എ.ടി.എസ്.ആർ(എസ്1)1120/2019(2), തീയതി 24.08.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019 | 915263 | ലൈഫ് മിഷൻ രണ്ടാം ഘട്ടം-ഭൂമിയുള്ള ഭവനരഹിതർക്ക് വീട് | 915263 | 0 |
| | | 625000 | പ്രത്യേക കന്നുകുട്ടി പരിപാലനം | 625000 | 0 |
| | | 200000 | പാലിന് സബ്സിഡി | 200000 | 0 |
| | | 450000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് വിതരണം | 440950 | 9050 |
| | | 400000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019 | 491762 | ലൈഫ് മിഷൻ-രണ്ടാം ഘട്ടം ഭൂമിയുള്ള ഭവനരഹിതർക്ക് വീട് | 491762 | 0 |
| | | 150000 | പാലിന് സബ്സിഡി | 150000 | 0 |
| | | 200000 | അങ്കണവാടി | 199814 | 186 |

| | | | | | |
|---|---|---|---|---|---|
| | | | പോഷകാഹാരവിതരണം | | |
| | | 400000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് വിതരണം | 289550 | 110450 |
| | | 200000 | സ്ട്രീറ്റ് മെയിൻ ഇല്ലാത്ത ഇടങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, ട്യൂബ് സെറ്റ് സ്ഥാപിക്കൽ | 200000 | 0 |

വാർഷികകണക്കിൽ ജില്ലാപഞ്ചായത്തിൻ നിന്നുള്ള വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ ഇല്ലാത്ത ഇടങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, ട്യൂബ് സെറ്റ് സ്ഥാപിക്കൽ | | 772385 | 0 | 772385 |
| GWA | പഫീസ് കോമ്പൗണ്ടിൽ കുഴൽ കിണർ നിർമാണം | | 150000 | 150000 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3836000/- രൂപ വരവുണ്ട്.

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച | വർഷാവ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/ തിയ്യതി | | ബാക്കിയുണ്ടായിരുന്ന തുക | തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| - | - | 3836553 | - | - | - | 3836553 |

•

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2.3 | 2015-16 | 2.3 | അന്നമനട മഹാദേവക്ഷേത്രം ദേവസ്വം ഓഫീസ് ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച് | |
| 2016-17 | 2.4 | 2016-17 | 2.4 | അന്നമനട എസ്.ബി.ഐ യിലെ ഉദ്യോഗസ്ഥനായ ഷിജോ.ടി.വി, ബാങ്ക് ഗാർഡ് തൊഴിൽനികുതി അടവാക്കാത്തത് സംബന്ധിച്ച് | അടവാക്കി |
| 2016-17 | 2.5 | 2016-17 | 2.5 | 5/655ബി നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി അടവാക്കാത്തത് സംബന്ധിച്ച് | അടവാക്കി |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85701936 |
| | |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 71-72 മുതൽ 79-80 വരെ | എൽ.എഫ്.ടി.12-93/92 തിയതി. 15.01.02 |
| 80-81 | എൽ.എഫ്.ടി.12-1525/83 തിയതി. 19.07.85 |
| 81-82 | എൽ.എഫ്.ടി.12-110/85 തിയതി. 20.09.86 |
| 82-83 | എൽ.എഫ്.ടി.12-385/87 തിയതി. 14.07.87 |
| 83-84 | എൽ.എഫ്.ടി.911/91 തിയതി. 03.07.92 |
| 84-85 | എൽ.എഫ്.ടി.1835/89 തിയതി. 16.01.90 |
| 85-86 | എൽ.എഫ്.ടി.12-2091/90 തിയതി. 26.02.91 |
| 86-87, 87-88 | എൽ.എഫ്.ടി.12-1130/92 തിയതി. 19.03.93 |
| 88-89, 89-90 | എൽ.എഫ്.ടി.12-775/94 തിയതി. 10.10.94 |
| 90-91 | എൽ.എഫ്.ടി.12-775/96 തിയതി. 13.02.96 |
| 91-92 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 92-93 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 93-94 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 94-95 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 95-96 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 96-97 | എൽ.എഫ്.ടി.13-853/04/ 29.11.04/29.11.04/09.03.05 |
| 96-97 (ചെലവ്) | എൽ.എഫ്.ടി.13-834/03 തിയ്യതി15.07.03 |
| 97-98 | എൽ.എഫ്.ടി.13-1109/99/ 28.02.2000/ 08.06.2000 |
| 98-99 | എൽ.എഫ്.ടി.13- 948/2000/ 03.11.2000/11.12.2000 |
| 99-2000, 2000- | എൽ.എഫ്.ടി.13- 1083 /15.11.03 |

| | |
|---|---|
| 01, 2001-02 (പദ്ധതി) | |
| 99-2000 (വരവ് ചെലവ്) | എൽ.എഫ്.ടി.13- 656/06/ 03.07.06/ 30.12.06 |
| 2000-01 (വരവ് ചെലവ്) | എൽ.എഫ്.ടി.13- 657/06/15.11.03 |
| 2001-02 (വരവ് ചെലവ്) | എൽ.എഫ്.ടി.13- 3/07/ 07.04.07/ 10.08.07 |
| 2002-03 | എൽ.എഫ്.ടി.13- 1021/ 21.08.09 |
| 2003-04 | എൽ.എഫ്.ടി.13- 1022/08/ 21.08.09 |
| 2004-05 | എൽ.എഫ്.ടി.13-426/09/ 07.05.10 |
| 2005-06 | എൽ.എഫ്.ടി.13-1610/09/ 23.07.10 |
| 2006-07 | എൽ.എഫ്.ടി.13-1611/09/ 23.07.10 |
| 2007-08 | എൽ.എഫ്.ടി.13-994/10/ 10.02.11 |
| 2008-09 | എൽ.എഫ്.ടി.13-995/10/ 07.09.11 |
| 2009-10, 2010-11 | എൽ.എഫ്.ടി.പി.4- 97/12/ 21.05.12/10.08.12 |
| 2011-12 | എൽ.എഫ്.ടി.പി.4-375/13/ 16.05.13/ 01.11.13 |
| 2012-13 | എൽ.എഫ്.ടി.പി.4- 453/14 |
| 2013-14 | കെ.എസ്.എ.ടി.സ്.ആർ (പി4) 1183/15 തീയതി 8.10.15 / 16.10.15 |
| 2014-15 | കെ.എസ്.എ.ടി.സ്.ആർ (പി4)1049/16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി4)-2016/16/ 30.1.2017/2.2.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി4)1065/2017, തീയതി 29.07.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി4)354/2019 തീയതി: 30/05/2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ

അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം<br>
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| - | സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ